**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 563** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 2026 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശരാശരി വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടാണ്;

**<u>മറുപടി:</u>** സംസ്ഥാനത്ത് 2026 ജൂലൈ, ആഗസ്റ്റ് , സെപ്റ്റംബർ മാസങ്ങളിലെ ശരാശരി വൈദ്യുതി ഉപഭോഗം ചുവടെ ചേർക്കുന്നു.

| മാസം | ശരാശരി വൈദ്യുതി ഉപഭോഗം (MU) | നിയന്ത്രണമേർപ്പെടുത്താതെയുള്ള പരമാവധി വൈദ്യുതി ആവശ്യം (MW) |
|---|---|---|
| ജൂലൈ-2026 | 86.71 | 5338 |
| ഓഗസ്റ്റ്-2026 | 85.05 | 4868 |
| സെപ്റ്റംബർ-2026 | 94.04 | 5639 |

**(ബി)** പവർകട്ട് ഏർപ്പെടുത്തിയതിലൂടെ ഓരോ മാസവും ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്;

**<u>മറുപടി:</u>** വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതിലൂടെ ജൂൺ, ജൂലൈ മാസങ്ങളിൽ ശരാശരി 200 മുതൽ 300 മെഗാവാട്ട് വരെയും, സെപ്റ്റംബർ മാസത്തിൽ ശരാശരി 600 മെഗാവാട്ട് വരെയും വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

**(സി)** 2025 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഓരോ മാസത്തെയും ശരാശരി വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടായിരുന്നു;

**<u>മറുപടി:</u>** സംസ്ഥാനത്ത് 2025 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശരാശരി വൈദ്യുതി ഉപഭോഗം ചുവടെ ചേർക്കുന്നു.

| മാസം | ശരാശരി വൈദ്യുതി ഉപഭോഗം (MU) | നിയന്ത്രണമേർപ്പെടുത്താതെയുള്ള പരമാവധി വൈദ്യുതി ആവശ്യം (MW) |
|---|---|---|

| | | |
|---|---|---|
| ജൂലൈ-2025 | 76.23 | 4161 |
| ഓഗസ്റ്റ്-2025 | 80.03 | 4399 |
| സെപ്റ്റംബർ-2025 | 83.19 | 4480 |

**(ഡി)** വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ അധിക വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി, വൈദ്യുതി ആവശ്യകത, വിപണിയിലെ ലഭ്യത, കാലാവസ്ഥാ പ്രവചനങ്ങൾ എന്നിവ വിലയിരുത്തി കെ.എസ്.ഇ.ബി ലിമിറ്റഡ് വിവിധ ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2026 ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പീക്ക് സമയത്തെ വൈദ്യുതി വാങ്ങലിനായും 2026 ജൂലൈ മുതൽ 2027 ജൂലൈ വരെ മുഴുവൻ സമയ വൈദ്യുതി വാങ്ങലിനായും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടു. എന്നാൽ, ജൂൺ 10 മുതൽ തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ പുരോഗതി ദുർബലമായതിനെ തുടർന്ന് മഴക്കുറവും ജലസംഭരണികളിലേക്കുള്ള നീരൊഴുക്കിലെ കുറവും ഉണ്ടായത് ജലവൈദ്യുതി ലഭ്യതയെ പ്രതികൂലമായി ബാധിച്ചു. തുടർന്ന് എൽ-നിനോ സാഹചര്യം രൂപപ്പെടുന്നതായി IMD സ്ഥിരീകരിച്ചതിന്റെ പശ്ചാത്തലത്തിൽ, അധിക വൈദ്യുതി ആവശ്യം കണക്കിലെടുത്ത് പീക്ക് സമയത്തേക്കായി മൂന്ന് വൈദ്യുതി വാങ്ങൽ ടെൻഡറുകൾ കൂടി വിളിക്കുകയുണ്ടായി.

എൽ-നിനോ സാഹചര്യം ശക്തിപ്പെടുന്ന സാഹചര്യത്തിൽ വരും മാസങ്ങളിലെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി അധിക ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. പീക്ക് സമയത്തെ അധിക ആവശ്യം നിറവേറ്റുന്നതിനായി ഒക്ടോബർ മാസത്തിൽ 200 MW കാറ്റാടി വൈദ്യുതിയും മുഴുവൻ സമയ ആവശ്യം നിറവേറ്റുന്നതിനായി ഹിമാചൽപ്രദേശിൽ നിന്ന് 900 MW വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെയും നിരന്തരമായ അഭ്യർത്ഥനയെ തുടർന്ന്, എൽ-നിനോ സാഹചര്യംമൂലമുള്ള വൈദ്യുതി പ്രതിസന്ധി

ലഘൂകരിക്കുന്നതിനായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിനു പുറമേ കേന്ദ്രവിഹിതമായി അധിക വൈദ്യുതി ലഭിച്ച് വരുന്നു.

**(ഇ)** നിലവിലുള്ള പവർകട്ട് എന്നത്തേക്ക് ഒഴിവാക്കാൻ കഴിയും; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. ഒക്ടോബർ മാസം ഇതുവരെയും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല.

**സെക്ഷൻ ഓഫീസർ**